**ബി എഡ് ഏകജാലകം:** ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്ഥിരപ്രവേശമെടുക്കേണ്ട അപേക്ഷകരും ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവരും അലോട്ട്മെൻറ് മെമോ ഡൗൺലോഡ് ചെയ്യതിനു ശേഷം കോളേജുമായി ബന്ധപ്പെട്ട് കോളേജിൽ ഒടുക്കേണ്ട ഫീസിനെപ്പറ്റി മനസ്സിലാക്കേണ്ടതും കോളേജിൽ നേരിട്ട് ഹാജരായി പ്രവേശനം 03/07/2023 4.00 പി എം നു മുൻപായി 'കൺഫേം' ചെയ്യേണ്ടതുമാണ്. താത്കാലിക പ്രവേശനമെടുക്കാൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല. ഇത്തരക്കാർക്ക് കോളേജുമായി ബന്ധപ്പെട്ട് 03/07/2023 4.00 പി എം നു മുൻപായി ഓൺലൈനായി പ്രവേശനമെടുക്കാവുന്നതാണ്.

1. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെൻറ് സ്റ്റാറ്റസ് പരിശോധിക്കുക.
2. അലോട്ട്മെൻറ് ലഭിച്ചിട്ടുണ്ടെങ്കിൽ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ടതായ ഫീസ് ഓൺലൈനായി ഒടുക്കുക (പൊതുവിഭാഗം -1563/- രൂപ (മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നുമുള്ള ബിരുദ ധാരികൾക്ക്; 1843/- രൂപ (മറ്റ് സർവ്വകലാശാലകളിൽ നിന്നുമുള്ള ബിരുദ ധാരികൾക്ക്) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം-50/- രൂപ)
3. മോഡ് ഓഫ് അഡ്മിഷൻ തെരഞ്ഞെടുക്കുക
4. അലോട്ട്മെൻറ് മെമ്മോ ഡൗൺലോഡ് ചെയ്യുക.
5. **ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവരും സ്ഥിര പ്രവേശം ആഗ്രഹിക്കുന്നവരും** അലോട്ട്മെൻറ് ലഭിച്ച കോളേജുകളിൽ നേരിട്ടെത്തി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ഹാജരാക്കി നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി 16/08/2022 4.00 പി എം നു മുൻപായി പ്രവേശനമെടുക്കേണ്ടതാണ്.
6. തുടർന്ന് പ്രവേശനമെടുത്തതിൻെറ തെളിവയി കണഫർമേഷൻ സ്ലിപ് ബന്ധപ്പെട്ട കോളേജിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതാണ്. പ്രസ്തുത കൺഫർമേഷൻ സ്ലിപ് ലോഗിൻ ചെയ്യും ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
7. താത്കാലിക പ്രവേശനമെടുക്കാനാഗ്രഹിക്കുന്നവർ മോഡ് ഓഫ് അഡ്മിഷൻ തെരഞ്ഞെടുത്തതിനു ശേഷം ലഭ്യമാവുന്ന അലോട്ട്മെൻറ് മെമ്മോ ഡൗൺ ലോഡ് ചെയ്യതിനു ശേഷം കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. ഇത്തരക്കാർ കോളേജുകളിൽ നേരിട്ട് ഹാജരാവേണ്ടതില്ല.
8. പ്രവേശനം എടുത്തവർ കോളേജുകളുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രവേശനം വേരിഫൈ ചെയ്യിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതും അപേക്ഷയിൽ ലോഗിൻ ചെയ്ത് **കൺഫർമേഷൻ സ്ലിപ്** ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.
9. ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവരൊഴികെയുള്ളവർക്ക് താത്കാലിക പ്രവേശം എടുക്കാവുന്നതാണ്. താത്കാലിക പ്രവേശം ആഗ്രഹിക്കുന്നവർ

അലോട്മെൻറ് ലഭിച്ച കോളേജുകളുമായി ബന്ധപ്പെട്ട് 03/07/2023 4.00 പി എം നു മുൻപായി പ്രവേശം കൺഫേം ചെയ്യേണ്ടതാണ്.

10. ഒന്നാം ഓപ്ഷനിൽ അലോട്മെൻറ് ലഭിക്കാത്ത എസ് സി /എസ് ടി അപേക്ഷകർക്ക് ടി വിഭാഗങ്ങൾക്കായുള്ള പ്രത്യേക അലോട്മെൻറ് – 1 വരെ താത്കാലികമായി തുടരാവുന്നതാണ്.
11. അലോട്മെൻറ്ൻ ലഭിക്കുന്നവർ 03/07/2023 4.00 പി എം നു മുൻപായി മുൻപായി തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതാണ്. 03/07/2023 4.00 പി എം നു മുൻപായി നു മുൻപായി കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശനം പൂർത്തീകരിക്കാത്തവരുടെ അലോട്മെൻറ് റദ്ദാക്കപ്പെടുന്നതാണ്.